"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന തുറമുഖ വകുപ്പ് - മത്സ്യഫെഡ് മാനേജിംഗ് ഡയറക്ടർ ഡോ.പി.സഹദേവന്റെ പുനർ നിയമന കാലാവധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (എ) വകുപ്പ്**

സ.ഉ.(കൈ) നം.26/2025/F&P    തീയതി,തിരുവനന്തപുരം, 31-10-2025

---

പരാമർശം:- 1. സ.ഉ.(കൈ) നം.18/2023/മ.ഉ.വ തീയതി 25/08/2023.

2. മത്സ്യഫെഡ് മാനേജിംഗ് ഡയറക്ടറുടെ 16/08/2025-ലെ MFED/1073/2025-EST നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഡോ.പി.സഹദേവനെ പരാമർശം (1) ലെ ഉത്തരവ് പ്രകാരം മത്സ്യഫെഡ് മാനേജിംഗ് ഡയറക്ടറായി രണ്ടു വർഷത്തേയ്ക്ക് നിയമിച്ചിരുന്നു. ടിയാന്റെ മാനേജിംഗ് ഡയറക്ടർ തസ്തികയിലെ കാലാവധി 25/08/2025-ന് രണ്ട് വർഷം പൂർത്തിയായതിനാൽ പ്രസ്തുത കാലാവധി ദീർഘിപ്പിക്കുന്നതിനായി സൂചന (2) പ്രകാരം മത്സ്യഫെഡ് മാനേജിംഗ് ഡയറക്ടർ അപേക്ഷ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മത്സ്യഫെഡ് മാനേജിംഗ് ഡയറക്ടർ ഡോ.പി.സഹദേവന് 26/08/2025 മുതൽ ഒരു വർഷത്തേക്കോ അതോ നിലവിലുള്ള ഉത്തരവുകൾ പ്രകാരമുള്ള ഉയർന്ന പ്രായപരിധി വരെയോ ഏതാണോ ആദ്യം അതുവരെ പുനർനിയമന കാലാവധി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അബ്ദുൾ നാസർ ബി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, മത്സ്യഫെഡ്, തിരുവനന്തപുരം.
ഡോ. സഹദേവൻ.പി, കൃഷ്ണ ,അന്നൂർ.പി.ഒ. പയ്യന്നൂർ, കണ്ണൂർ -670307
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.ഇ) /ആഡിറ്റ്), കേരളം, തിരുവനന്തപുരം
പൊതു ഭരണ (എസ്.സി. ) വകുപ്പ് ( 29.10.2025-ലെ ഇനം. നം. 3365 പ്രകാരം)
വിജിലൻസ് വകുപ്പ് ( 23.08.2025-ലെ വിജി-സി.2/381/2025-വിജി. നം. അനൗദ്യോഗിക കുറിപ്പ് പ്രകാരം)
ധനകാര്യ വകുപ്പ് ( 07.10.2025-ലെ 2473350/PU-C4/73/2023-FIN നം. കുറിപ്പ് പ്രകാരം)

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

കരുതൽ ശേഖരം.( 3214036എ1/165/2025-മ.ളു.വ)

ഉത്തരവിൻ പ്രകാരം

Signed by

Aswathy M L

Date: 01-11-2025 11:15:54

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 29-10-2025

ഫയൽ നം. എ1/165/2025/മതുവ. ഇനം നം: 3365

വിഷയം : മത്സ്യബന്ധന-തുറമുഖ വകുപ്പ് - മത്സ്യഫെഡ് മാനേജിംഗ് ഡയറക്ടർ ഡോ. പി. സഹദേവന്റെ പുനർനിയമന കാലാവധി ദീർഘിപ്പിച്ചു നൽകുന്നത്.

തീരുമാനം : ഒരു വർഷത്തേയ്ക്കോ അതോ നിലവിലുള്ള ഉത്തരവുകൾ പ്രകാരമുള്ള ഉയർന്ന പ്രായപരിധി വരെയോ ഏതാണോ ആദ്യം അതുവരെ പുനർനിയമന കാലാവധി ദീർഘിപ്പിയ്ക്കാമെന്ന ഭേദഗതിയോടുകൂടി കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സ്പെഷ്യൽ സെക്രട്ടറി, മത്സ്യബന്ധന വകുപ്പ്.

3365

**കേരള സർക്കാർ**
(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | **എ 1/165/2025/മ.തു.വ** |
| 2 | വകുപ്പ് | മത്സ്യബന്ധന തുറമുഖ (എ) വകുപ്പ് |
| 3 | വിഷയം | മത്സ്യഫെഡ് മാനേജിംഗ് ഡയറക്ടർ ഡോ പി.സഹദേവന്റെ പുനർ നിയമന കാലാവധി ദീർഘിപ്പിച്ച് നൽകുന്നത് സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 20.10.2025 |
| 5 | (I) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് (വിജിലൻസ് വകുപ്പ് ) |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീ.സമീർ കുമാർ ഒ ജെ |
| 8 | കുറിപ്പ് അംഗീകരിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | ശ്രീ.അബ്ദുൽ നാസർ ബി |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സ്പെഷ്യൽ സെക്രട്ടറി അംഗീകരിച്ച തീയതി | 21.10.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 28.10.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.സജി ചെറിയാൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 28.10.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 28.10.2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

മത്സ്യഫെഡ് മാനേജിംഗ് ഡയറക്ടറായി സേവനമനുഷ്ഠിക്കുന്ന ഡോ.പി.സഹദേവന്റെ പുനർ നിയമന കാലാവധി ദീർഘിപ്പിച്ചു നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ് .

2) സ.ഉ.(കൈ) നം.18/2023/മ.തു.വ തീയതി 25/08/2023 പ്രകാരം ഡോ.പി.സഹദേവന് മത്സ്യഫെഡ് മാനേജിങ് ഡയറക്ടർ തസ്തികയിൽ 2 വർഷത്തേക്ക് നിയമനം നൽകിയിരുന്നു. അപ്രകാരം ദീർഘിപ്പിച്ചു നൽകിയ കാലയളവ് 25/08/2025 ന് അവസാനിച്ചിരുന്നു. പ്രസ്തുത കാലാവധി അവസാനിക്കുന്ന മുറക്ക് രണ്ടു വർഷത്തേക്ക് കൂടി നിയമനം ദീർഘിപ്പിച്ചു നൽകണമെന്ന് മത്സ്യഫെഡ് മാനേജിങ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചു.

3) ഡോ.പി.സഹദേവനെതിരെ വിജിലൻസ് അന്വേഷണമോ, കേസോ, റിപ്പോർട്ടോ, ശിപാർശകളോ നിലവിലില്ല എന്ന് വിജിലൻസ് (സി) വകുപ്പ് 23.08.2025 ലെ അനൗദ്യോഗിക കുറിപ്പ് മുഖാന്തിരം അറിയിച്ചിട്ടുണ്ട്.

4) ഡോ.പി.സഹദേവന്റെ പുനർ നിയമന കാലയളവ് 26.08.2025 മുതൽ 2 വർഷത്തേക്ക് കൂടി ദീർഘിപ്പിക്കുന്നതിന്മേൽ 07.10.2025-ൽ ധനകാര്യ വകുപ്പ് ലഭ്യമാക്കിയ അഭിപ്രായം ചുവടെ ചേർക്കുന്നു.

*"മത്സ്യഫെഡ് മാനേജിങ് ഡയറക്ടറായി സേവനമനുഷ്ഠിക്കുന്ന ഡോ.പി.സഹദേവന്, മന്ത്രിസഭയുടെ അംഗീകാരത്തിന് വിധേയമായി, രണ്ടു വർഷത്തേക്ക് കൂടി പുനർനിയമനകാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതാണ്.*

*ഇതിനു ബഹു: ധനമന്ത്രിയുടെ അംഗീകാരമുണ്ട്"*

5) വിജിലൻസ് വകുപ്പിന്റെയും ധനകാര്യ വകുപ്പിന്റെയും അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ മത്സ്യഫെഡ് മാനേജിങ് ഡയറക്ടറായി സേവനമനുഷ്ഠിക്കുന്ന ഡോ.പി സഹദേവന് 26.08.2025 മുതൽ തുടർന്നും 2 വർഷത്തേയ്ക്ക് പുനർ നിയമനകാലാവധി ദീർഘിപ്പിച്ച് നൽകുന്നത് സംബന്ധിച്ച വിഷയം മന്ത്രി സഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാമോ എന്ന വിഷയത്തിൽ ഉത്തരവിനായി ഫയൽ ബഹു. മത്സ്യബന്ധന വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക സമർപ്പിക്കുന്നതിന് ബഹു.മുഖ്യമന്ത്രി 20.10.2025 ൽ ഉത്തരവായി.

**<u>തീരുമാനമെടുക്കേണ്ട വിഷയം</u>**

മത്സ്യഫെഡ് മാനേജിംഗ് ഡയറക്ടർ ഡോ.പി.സഹദേവന്റെ പുനർ നിയമനകാലാവധി 26.08.2025 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകാമോ?